LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാർ ഫണ്ട് വിനിയോഗം

188 (534) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും നിശ്ചിത സമയത്ത് ചെലവഴിക്കാൻ കഴിയായത്തതുമൂലവും 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തിന് നഷ്ടമായതു മൊത്തം എത്ര കോടി രൂപ വീതമാണ് എന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്രം നല്കിയ എത്ര തുക പദ്ധതി നടപ്പാക്കാത്തതുമൂലം തിരികെ നല്കേണ്ടതായി വന്നിട്ടുള്ളത് ; വകുപ്പുടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ പദ്ധതിയും ഫണ്ടും നഷ്ടപ്പെടുന്നതായി കണക്കാക്കുവാൻ കഴിയുകയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ധനകാര്യ വകുപ്പ് ചെക്കുകൾ

189 (535) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ധനകാര്യ വകുപ്പ് സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്കു നൽകിയ എത്ര തുകയ്ക്കുള്ള ചെക്കുകളാണ് അക്കൗണ്ടിൽ പണമില്ല എന്ന കാരണത്താൽ മടങ്ങിയതെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രഷറിയുടെ അക്കൗണ്ടിൽ പണമില്ല- എന്ന കാരണത്താൽ യാതൊരു ചെക്കുകളും മടക്കിയിട്ടില്ല.